## ക ത്ത ു ക ൾ

# സംഗീതമില്ലാത്ത സമുദായം

**'മുസ്‌ലിംകൾ** ഒറ്റപ്പെടുന്നതെങ്ങനെ?' (ലക്കം 22 നവംബർ7) എന്ന കെ.സി സലീമിന്റെ ലേഖനത്തോടുള്ള പ്രതികരണമാണിത്. ഒരു സമുദായത്തെ മുന്നോട്ടു നയിക്കുന്നതിൽ പണ്ഡിതന്മാർക്കുള്ള പങ്ക് സുപ്രധാനമാണ്. നയിക്കുന്നവർക്ക് ദീർഘദൃഷ്ടിയും ഭാവനാശക്തിയുമില്ലെങ്കിൽ നയിക്കപ്പെടുന്നവർ അധോഗതിയിലാണ് ചെന്നെത്തുക. കാലോചിതമായ വിജ്ഞാനം ആർജിക്കുകയും അതിന്നനുസരിച്ച് സമുദായത്തെ നയിക്കുകയും ചെയ്യുന്നതിൽ മുസ്‌ലിം പണ്ഡിതന്മാർ പരാജയപ്പെട്ടതാണ് ഇന്നു സമുദായം അനുഭവിക്കുന്ന പിന്നാക്കാവസ്ഥയുടെ പ്രധാന കാരണം.

ജീവിക്കുന്ന കാലത്തോടും സമൂഹത്തോടും ഇഴപ്പൊരുത്തത്തോടെ ഇണങ്ങിച്ചേരാൻ വിസമ്മതിക്കുന്നവരാണ് ഭൂരിപക്ഷം മുസ്‌ലിം പണ്ഡിതന്മാരും. വെള്ളത്തിലെ എണ്ണപോലെ ഒരുതരം കൂടിച്ചേരായ്മയാണ് പലർക്കുമുള്ളത്. അവരാൽ നയിക്കപ്പെടുന്ന സമുദായവും അറിഞ്ഞോ അറിയാതെയോ മറ്റു സമുദായങ്ങളിൽനിന്ന് അത്തരമൊരു അകൽച്ചയിലേക്ക് തള്ളപ്പെടുന്നു. പണ്ഡിതന്മാരുടെ പല വിലക്കുകളും വിലങ്ങുകളും ഈ ഒറ്റപ്പെടലിന് ആഴം കൂട്ടുകയും ചെയ്യുന്നു. മനുഷ്യൻ അവൻ അറിയാത്തതിന്റെ ശത്രു എന്നാണല്ലോ പഴമൊഴി. ഈ അവസ്ഥയിൽ മുസ്‌ലിം സമുദായം സഹോദര സമുദായങ്ങളുടെ ദൃഷ്ടിയിൽ പല കാര്യങ്ങളിലും സംശയത്തിന്റെ നിഴലിലാണ്. ധർമസമരം എന്ന് അർഥം വരുന്ന ജിഹാദ് ഭീകരതയുടെ പര്യായമായി പരിണമിച്ചത് ഇതുകൊണ്ടാണ്.

യാഥാസ്ഥിതികരായ പൂർവ പണ്ഡിതന്മാരുടെ പല ഉപദേശങ്ങളും പാഴ്ചൊല്ലുകളായിത്തീർന്നതിന്റെ ചിത്രം ഇന്നു നമ്മുടെ മുമ്പിലുണ്ട്. അവരുടെ പൈതൃകം അവകാശപ്പെടുന്നവർപോലും ഇന്ന് അതിനെതിരെ പ്രതികരിച്ചും പ്രവർത്തിച്ചും ഏറെ മുന്നിൽ നിൽക്കുന്നു. ആര്യനെഴുത്ത് നിരോധിച്ചവർ സംസ്കൃത സമാനമായ മലയാളത്തിലാണ് ഇന്ന് എഴുതുന്നതും പ്രസംഗിക്കുന്നതും. പെണ്ണെഴുത്ത് വിലക്കിയവർ പെൺപള്ളിക്കൂടങ്ങളും കോളേജുകളും നാടുനീളെ നിർമിക്കുകയും പ്രവൃത്തിപ്പിക്കുകയും ചെയ്യുന്നു. മായിൻകുട്ടി എളയ ഖുർആൻ പരിഭാഷപ്പെടുത്തിയപ്പോൾ അത് അറബിക്കടലിൽ കെട്ടിത്താഴ്ത്തിയവരുണ്ട് ഇവിടെ. ഇന്നു ഖുർആൻ പരിഭാഷകളുടെ സുവർണകാലം. വ്യക്തികളും സംഘടനകളും പരിഭാഷകളുടെ പുതുമോഡലുകൾ സൃഷ്ടിക്കുന്നു. പട്ടിണികൊണ്ട് പൊറുതിമുട്ടി യാചിച്ച് കൈനീട്ടുന്ന സമുദായത്തെ മുന്നിൽകണ്ട് ഉൽപതിഷ്ണുക്കളായ ചിലർ അവർക്കൊരഭയകേന്ദ്രമായി യത്തീംഖാനകൾ സ്ഥാപിച്ചു. അതിനെതിരെ യത്തീംമക്കളെ വഞ്ചിച്ചു എന്ന് പ്രസംഗിച്ച് നടന്നവർ ഇന്നു മുക്കിലും മൂലയിലുമെല്ലാം യത്തീംഖാനകൾ സ്ഥാപിക്കാൻ വ്യഗ്രത കാട്ടുന്നു.

യാഥാസ്ഥിതിക വിഭാഗം സമുദായത്തെ പിന്നോട്ട് വലിക്കുമ്പോൾ ഉദാത്ത ചിന്തകരും ഉൽപതിഷ്ണുക്കളുമായ ചിലരെങ്കിലും അതിനെതിരെ പൊരുതാനും സമുദായത്തെ പുരോഗതിയിലേക്ക് നയിക്കാനും പരിശ്രമിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ അതിജീവനത്തിന് അർഹതയില്ലാതെ ആ സമുദായം ചരിത്രത്തിന്റെ പുറമ്പോക്കിലേക്ക് പിന്തള്ളപ്പെടും. ഉൽബുദ്ധരായ വ്യക്തിത്വങ്ങൾ ബലിഷ്ഠവും വരിഷ്ഠവുമായ ആശയങ്ങളിലൂടെ നന്മയിലേക്ക് പ്രചോദിപ്പിച്ചപ്പോഴാണ് സമുദായത്തിന് അൽപമെങ്കിലും ഉൽകൃഷ്ടതയുടെ വെള്ളിവെളിച്ചം നുകരാനായത്. മക്തിതങ്ങൾ, വക്കം മൗലവി തുടങ്ങിയ പ്രതിഭകൾ മുസ്‌ലിം സമുദായത്തിൽ മഹിതാശയങ്ങളുടെ വൻമരങ്ങളായി നമ്മുടെ മനസ്സിൽ കല്ലോലിനീ തീരത്ത് ഇന്നും തണൽ വിരിച്ച് നിൽക്കുന്നുണ്ട്. പരി

ഷ്കർത്താക്കളായ അത്തരം പണ്ഡിതന്മാർ നടത്തിയ പോരാട്ടത്തിന്റെ പരിണതഫലമാണ് സാഹിത്യ സാംസ്കാരിക വൈജ്ഞാനിക രംഗത്ത് ഇന്നു നാം അനുഭവിക്കുന്ന പെരുമകൾ. സംഗീതം, വീഡിയോഗ്രാഫി, സിനിമ തുടങ്ങിയവയുടെ വിലക്കുകളിൽനിന്ന് മോചിതരാവാൻ ഇനിയും നാം കാൽനൂറ്റാണ്ട് കാത്തിരിക്കേണ്ടിവരും.

മനുഷ്യന്നും മറ്റു ജീവജാലങ്ങൾക്കും ഗുണകരമായ പലതും പ്രപഞ്ചത്തിൽ അല്ലാഹു നിക്ഷേപിച്ചിട്ടുണ്ട്. പഠിച്ചും ചിന്തിച്ചും അവ കണ്ടെത്തുക ബൗദ്ധിക ശേഷിയുള്ള മർത്യകുലത്തിന്റെ കടമയാണ്. ഗുഹയിൽ താമസിക്കുകയും കഴുതപ്പുറത്ത് സഞ്ചരിക്കുകയും ചെയ്ത മനുഷ്യന് വിമാനത്തിൽ പറക്കാനും മണിമന്ദിരങ്ങളിൽ താമസിക്കാനും കഴിഞ്ഞത് ഉണർന്നും ഉയർന്നും ചിന്തിച്ചതിന്റെയും കൂട്ടായ്മയുടെയും ഫലമായാണ്.

പ്രകൃതിയിലെന്ന പോലെ മനുഷ്യനും ചില അനുഗൃഹീത കഴിവുകൾ സൃഷ്ടികർത്താവ് കനിഞ്ഞരുളിയിട്ടുണ്ട്. കല, സാഹിത്യം, സംഗീതം തുടങ്ങി അത് പലരൂപത്തിലും ഭാവത്തിലുമാകാം. തന്നിൽ നിക്ഷിപ്തമായ കഴിവ് കണ്ടെത്തി പരിപോഷിപ്പിക്കുകയും ഗുണകരമായ മാർഗങ്ങളിൽ വിനിയോഗിക്കുകയും ചെയ്യുമ്പോഴാണ് സ്വന്തം വ്യക്തിത്വം പോലെ സൃഷ്ടികർത്താവിന്റെ മഹത്വവും വെളിപ്പെടുന്നത്. തീ കണ്ടുപിടിച്ച് ഭക്ഷണം പാകം ചെയ്യാനും തണുപ്പിൽനിന്ന് രക്ഷനേടാനും സാധിച്ചതു പോലെ സംഗീതാലാപനംകൊണ്ട് അല്ലാഹുവിനെ വാഴ്ത്താനും സമൂഹത്തിൽ നന്മ വളർത്താനും ഉപയോഗപ്പെടുത്താവുന്നതാണ്. രാത്രിയും പകലും പോലെ, ഇരുട്ടും വെളിച്ചവും പോലെ എല്ലാറ്റിനും രണ്ട് വശങ്ങളുണ്ട്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതും ദൈവത്തിന്റെയും പിശാചിന്റെയും സ്വഭാവ ഗുണങ്ങളോട് കൂടിയാണല്ലോ. പിശാചിന്റെ ഭാഗം ഒഴിവാക്കി ദൈവത്തിന്റെ പാത സ്വീകരിക്കലാണ് ബുദ്ധി. ഉൽബുദ്ധ മനുഷ്യൻ സർപ്പവിഷവും അവന്റെ നന്മക്ക് ഉപയോഗപ്പെടുത്തുന്നു.

കർണപുടങ്ങൾക്ക് ശ്രവണ സുഖവും ആത്മാവിൽ ആനന്ദപീയൂഷവും പകരുന്നതാണ് സംഗീതം. വേണുനാദം കേട്ടാൽ ഏത് എരുമയും കാതോർത്ത് നിൽക്കും. പത്തി വിടർത്തി ചീറ്റുന്ന കരിമൂർഖനും സംഗീതം കേട്ടാൽ മയങ്ങിപ്പോകും. വിഷാദത്തിന്റെ മുറിവുണക്കാൻ മനുഷ്യമനസ്സിന് സ്വർഗീയലേപം പോലെയാണ് സംഗീതം. സസ്യലതാദികളുടെ വളർച്ചയിൽപോലും സംഗീതത്തിന്റെ ശക്തി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യനും മൃഗത്തിനും മാത്രമല്ല മരത്തിനും സംഗീതം ഇഷ്ടമാണെന്നർഥം.

പ്രപഞ്ചത്തിലാകെ സംഗീതത്തിന്റെ മധുരധ്വനികളുണ്ട്. പക്ഷികളുടെ ചിലപ്പുകളിലും സാഗരത്തിന്റെ തിരമാലകളിലും അത് നാം കേൾക്കുന്നു. പാടത്ത് പണിയെടുക്കുമ്പോഴും ഭാരം വലിക്കുമ്പോഴും മനുഷ്യനിൽനിന്ന് അവനറിയാതെ അത് പ്രവഹിക്കുന്നു. സന്തോഷാവസരങ്ങളിൽ സ്വാഭാവികമായും മനുഷ്യനിലെ സംഗീതജ്ഞൻ ഉണരുന്നു. കല്യാണ മുഹൂർത്തങ്ങളിലും മറ്റും നിർദോഷവും നൈസർഗികവുമായ ഈ സുന്ദരകലയെ വിലക്കുകളുടെ പൂട്ടിട്ട് തടയുന്നതെന്തിനാണ്? ഒരു പെരുന്നാൾ ദിനത്തിൽ നബിയുടെയും പ്രിയപത്നി ആഇശയുടെയും സാന്നിധ്യത്തിൽ രണ്ട് പെൺകുട്ടികൾ പാട്ടുപാടുന്നത് കേട്ടുവന്ന അബൂബക്കർ സിദ്ധീഖ് അത് വിലക്കാൻ ശ്രമിച്ചപ്പോൾ, 'ഇന്നു പെരുന്നാളല്ലേ, അവർ പാടട്ടെ' എന്നു പറഞ്ഞ് അബൂബക്കറിനെ സമാധാനിപ്പിച്ച നബിചരിതം സുവിദിതമാണല്ലോ. പാട്ടിനൊപ്പം മദ്യവും വിളമ്പുന്നു എന്നാണ് ഒരാക്ഷേപം. തിന്മയെ എവിടെ കണ്ടാലും തടയണം. തലവേദനക്ക് തലതന്നെ വെട്ടി മാറ്റാറില്ല. നാടുനീളെ മദ്യശാലകൾ തുറക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാത്ത മുസ്‌ലിം പണ്ഡിതന്മാർ, യഥാർഥ പ്രതിയെ വിട്ട് നിഴലിന് നേരെ വെടിപൊട്ടിക്കാനാണ് ഇഷ്ടപ്പെടുന്നത്.

സിനിമാ ഗാനങ്ങളുടെ ഈണമനുസരിച്ച് ശൈഖുമാരുടെയും മറ്റും മദ്ഹുകൾ രചിച്ച് ദഫ് മുട്ടി പാട്ടുപാടി സിഡിയിലാക്കി വിതരണം നടത്തുന്നു. ദഫും അറബ

നയും തബലയുമെല്ലാം തോൽപാടകൊണ്ട് നിർമിച്ച ഉപകരണങ്ങളാണ്. ദഫ് ഹലാലും തബല ഹറാമുമായതെങ്ങനെ? എല്ലാം അറബി, പേർഷ്യൻ പാരമ്പര്യത്തിന്റെ സൃഷ്ടികളാണ്. തബലയും സിത്താറും കണ്ടുപിടിച്ചത് അമീർ ഖുസ്രുവാണെന്ന് പറയപ്പെടുന്നു.

എല്ലാ വിഭാഗത്തിലും പെട്ട മതപണ്ഡിതന്മാരുടെ പ്രഭാഷണ സിഡികൾ ഇന്നു ലഭ്യമാണ്. മതസംഘടനകളുടെ സമ്മേളനങ്ങളും മറ്റും വീഡിയോഗ്രാഫിയിലൂടെ പകർത്തി ടെലിവിഷനുകളിൽ പ്രദർശിപ്പിക്കുന്നു. സ്വന്തം മകന്റെയോ മകളുടെയോ വിവാഹ മുഹൂർത്തങ്ങൾ കാണാനും സ്മരണ പുതുക്കാനും ഒരു രക്ഷിതാവ് വീഡിയോവിൽ പകർത്തി സൂക്ഷിക്കുന്നതിനെ എതിർക്കുന്നതെന്തിനാണ്? സമ്മേളനങ്ങളും മറ്റും വീഡിയോ ചെയ്യുന്നതിലുപരി എന്ത് അപരാധമാണ് അയാൾ ചെയ്യുന്നതിലുള്ളത്?

വൈവിധ്യങ്ങളുടെ വിസ്മയ ഭൂമിയായ ഇന്ത്യയിൽ വ്യത്യസ്ത മത വർഗ സമുദായങ്ങളെ ഏകോപിപ്പിക്കുന്നതിൽ കലക്കും സംഗീതത്തിനുമുള്ള കഴിവ് മറ്റൊന്നിനുമില്ല. അനുഗൃഹീത കണ്ഠങ്ങളിൽ നിന്നൊഴുകുന്ന സംഗീതധാര ശ്രോതാക്കളുടെ ഹൃദയാന്തരങ്ങളെ ഹരിതാഭമാക്കി ആനന്ദത്തിന്റെ കുളിരും പൊരുളും നൽകുന്നു. ജാതി മത വർഗദേശ ഭേദങ്ങൾക്കതീതമായി മാനവികതയുടെ ഏകതയിലേക്കു നയിക്കുന്നു. അതുകൊണ്ടാണ് പാകിസ്താനിലെയും ഇന്ത്യയിലെയും പട്ടാളക്കാർ തോക്കു ചൂണ്ടി മുഖാമുഖം നിൽക്കുമ്പോഴും ലതാമങ്കേഷ്ക്കറുടെയും സുരയ്യയുടെയും സംഗീതധാരകൾ രണ്ടു ജനഹൃദയങ്ങളിൽ ഹർഷോന്മാദത്തിന്റെ ഓളങ്ങൾ സൃഷ്ടിക്കുന്നത്; മെഹ്ദി ഹസന്റെയും പങ്കജ് ഉധാസിന്റെയും ഗസലുകൾക്കുവേണ്ടി അവർ കാതോർക്കുന്നത്.

ഇന്ത്യയെപോലുള്ള ബഹുസ്വര സമൂഹത്തിൽ മുസ്‌ലിം സമുദായം മറ്റു സമുദായങ്ങളുമായി ഇഴുകിച്ചേർന്നു ജീവിക്കേണ്ടതുണ്ട്. ഒറ്റപ്പെടൽ ജീർണതയിലേക്കും വിനാശത്തിലേക്കുമാണ് നയിക്കുക. എല്ലാ രംഗത്തും സജീവമായി നിലനിൽക്കുകയും സമൂഹത്തിന് മൊത്തം ഗുണകരമായ മാർഗങ്ങളിൽ മുഴുകുകയും വേണം. കലയും സംഗീതവുമെല്ലാം കൂട്ടായ്മക്ക് ഏറ്റവും അനുയോജ്യമായ വഴികളാണ്. ചട്ടങ്ങൾക്കുള്ളിൽനിന്നുതന്നെ സമുദായത്തിന്റെ പുരോഗതിക്കും സമൂഹത്തിന്റെ നന്മക്കും വേണ്ടി അവ ഉപയോഗപ്പെടുത്താവുന്നതാണ്. സർഗശേഷിയുള്ള സമുദായത്തിലെ സവിശേഷ വ്യക്തിത്വങ്ങൾക്ക് ഈ രംഗത്ത് ഏറെ പ്രവർത്തിക്കാൻ കഴിയണം.

**പി.എ.ബി അച്ചനമ്പലം**

# 'അറുപതാണ്ടിന്റെ നിറവിൽ അഭിമാനത്തോടെ...'

**അല്ലാഹുവിന്** സ്തുതി! 1970-കളിലാണ് ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾ വായിക്കാൻ അവസരമുണ്ടായത്. ജമാഅത്തെ ഇസ്‌ലാമിയുടെ *സന്മാർഗം* എന്ന പ്രസിദ്ധീകരണം കാണാതെ പഠിക്കുന്ന അവസ്ഥയിലായിരുന്നു. അത്രക്ക് മുത്തും പവിഴവും അതിലുണ്ട്. നേമം പ്രദേശത്ത് 'മുസ്‌ലിം യൂത്ത് മൂവ്മെന്റ്' എന്ന പേരിൽ ഒരു സംഘടനയിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ആദർശം ഉൾക്കൊണ്ടതും പ്രസംഗിച്ചു പഠിച്ചതുമെല്ലാം അതിൽ നിന്നായിരുന്നു. കാലക്രമത്തിൽ ആ സംഘടന ജമാഅത്തെ ഇസ്‌ലാമി മുത്തഫിഖ് ഹൽഖയായി മാറി. *സന്മാർഗ*ത്തിന്റെ പേജുകളിലൂടെ *പ്രബോധന*ത്തിന്റെ ഉള്ളിലേക്ക് കടന്നപ്പോൾ മനസ്സ് വിശാലമായി. വാരത്തിലൊരിക്കൽ വരുന്ന *പ്രബോധന*ത്തിന് കാത്തിരിപ്പായി.

പാളയം ഹൽഖയിൽനിന്ന് പാതിരാത്രി സൈക്കിളിൽ *പ്രബോധന*വുമായി നേമത്തുവരുന്ന മുഹമ്മദലി സാഹിബിനെയും ശൈഖ് സാഹിബിനെയും ഒരിക്കലും മറക്കാനാവില്ല. 1969 കാലഘട്ടത്തിൽ വായിച്ചുതീർത്ത ഒട്ടനവധി കൃതികളുണ്ട്. മുൽക്‌രാജ്

ആനന്ദിന്റെ *കൂലി*, മാക്സിം ഗോർക്കിയുടെ *അമ്മ* എന്നിങ്ങനെ പലതും. എന്നാൽ *തെറ്റിദ്ധരിക്കപ്പെട്ട മതം*, *വഴിയടയാളങ്ങൾ*, *ഖുത്തുബാത്ത്* തുടങ്ങിയ കൃതികളാണ് ജീവിതയാത്രയിൽ വെളിച്ചമായത്. ആ വെളിച്ചത്തിന്റെ എണ്ണയും തിരിയും *പ്രബോധനം* മാത്രമായിരുന്നു. പ്രവർത്തകരെ കാണുമ്പോൾ ആദ്യത്തെ ചോദ്യം *പ്രബോധനം* വന്നോ എന്നായിരുന്നു.

**നേമം സുബൈർ തിരുവനന്തപുരം**

# 'ഖുർആൻ പഠനസഹായി' വേണം

**പരിശുദ്ധ** ഖുർആനിലെ നൂറ്റിപതിനാലു സൂറത്തുകളുടെയും അവതരണ പശ്ചാത്തലം, ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ, വ്യക്തികൾ, സാഹചര്യം എന്നിവ വിശദീകരിക്കുന്ന ഒരു പഠനസഹായി പുതിയ തലമുറക്ക് ഖുർആൻ സന്ദർഭോചിതം മനസ്സിലാക്കാൻ ഉതകും. ഉദാഹരണത്തിന് *അൽബഖറ* സൂറത്ത് ഒന്നിച്ച് അവതരിച്ചതാണോ പല സന്ദർഭങ്ങളിലാണോ, പ്രത്യേക സാഹചര്യത്തിൽ അവതരിച്ച സൂക്തങ്ങൾ ഏതെല്ലാം എന്നിത്യാദി കാര്യങ്ങൾ വിവരിക്കുന്ന ഒരു സഹായി എല്ലാ വിഭാഗത്തിലും പെട്ട ഖുർആൻ പണ്ഡിതന്മാരുടെ സേവനം ഉപയോഗപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ഐ.പി.എച്ചോ മറ്റോ മുന്നോട്ടു വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**കെ. മൊയ്തീൻകോയ**
**ശിവപുരം**

# ഇതെങ്ങനെ ആഗോള ഐക്യമാവും?

**മാസപ്പിറവിയുമായി** ബന്ധപ്പെട്ട് രണ്ട് കുറിപ്പുകൾ വായിച്ചു; അബ്ദുർറഹ്മാൻ കൊടിയത്തൂരിന്റെയും (ലക്കം 18) ഇ.എൻ ഇബ്റാഹീം ചെറുവാടിയുടെയും (ലക്കം 23). പ്രതികരണങ്ങൾ കാലികവും അതുകൊണ്ടുതന്നെ ശ്രദ്ധേയവുമാണ്. മൂസാ-ഹാറൂൻ നബിമാരുടെ സമൂഹം പശുക്കുട്ടിയെ ആരാധിച്ചതുമായി ബന്ധപ്പെട്ട ചരിത്രശകലമുദ്ധരിച്ച് അബ്ദുർറഹ്മാൻ കൊടിയത്തൂർ സമുദായ ഐക്യത്തിൽ ഊന്നൽ കൊടുത്തപ്പോൾ, ഇ.എൻ ഇബ്റാഹീം ഇതേ സംഭവങ്ങൾ കൂടുതൽ വിശദീകരിച്ച് ഹസ്രത്ത് ഹാറൂൻ(അ) ഈ കാര്യത്തിൽ ചെയ്ത പ്രയത്നങ്ങളെ എടുത്തുകാട്ടി. രണ്ടു പേർക്കും സമുദായ ഐക്യം വേണമെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. ഒരു ലോകസമൂഹമായ മുസ്‌ലിംകളിൽ ഐക്യം കേരളത്തിലോ ഏതെങ്കിലും പ്രദേശത്തോ പോരാ എന്നും ലോകാടിസ്ഥാനത്തിൽ വേണമെന്നും ഇ.എൻ ഇബ്റാഹീം അഭിപ്രായപ്പെടുന്നു. അഭിപ്രായം വളരെ നല്ലതും കേൾക്കാൻ ഇമ്പമുള്ളതുമാണ്. എന്നാൽ സുഊദിയിൽ പോലും പെരുന്നാളായില്ലെങ്കിലും, ആഗോളതലത്തിൽ ന്യൂമൂൺ ഉണ്ടാവുമെന്ന കണക്കിന്റെ അടിസ്ഥാനത്തിൽ നാലാൾ കൂടുന്ന നാൽക്കവലയിൽ ഈദ് ആഘോഷിക്കുന്നത് ഏത് ഐക്യത്തിന്റെ ആരംഭമാണ് എന്ന് വേറെ വിശദീകരിക്കേണ്ടതുണ്ട്. ലോകാടിസ്ഥാനത്തിൽ ഐക്യം നേടിയെടുക്കാൻ കഴിയാത്തതിനാൽ, കേരളക്കരയിൽ ഉള്ള ഐക്യവും തകർത്തുകളയലാണ് ശരി എന്ന വാദം അമ്പരപ്പുണ്ടാക്കുന്നതാണ്. ലോകാടിസ്ഥാനത്തിൽ മാസപ്പിറവി അടക്കമുള്ള കാര്യത്തിൽ യോജിപ്പുണ്ടാവുന്നതിന് തീർച്ചയായും ശ്രമിക്കേണ്ടതുതന്നെയാണ്. അതിന് വേണ്ടി ഒന്നും ചെയ്യാതെ, നിലവിലുള്ള ഐക്യം തകർത്ത് സമുദായത്തിലെ മഹാഭൂരിപക്ഷവും നോമ്പെടുക്കുമ്പോൾ പെരുന്നാളാഘോഷിച്ച് ഏതാനും പേർ ജില്ലാടിസ്ഥാനത്തിൽ ഈദ്ഗാഹ് നടത്തുന്നത് ശരിയാണോ?

പലരുടെയും ശ്രമങ്ങൾകൊണ്ട് കേരളക്കരയിൽ മാസപ്പിറവിയുടെ അടിസ്ഥാന

ത്തിൽ നോമ്പും പെരുന്നാളും ഏകീകരിച്ചു നടത്തിവരികയാണ്. അത് പ്രോത്സാഹിപ്പിക്കുകയും നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുന്നതിനു പകരം, ആഗോളാടിസ്ഥാനത്തിൽ ഐക്യം വേണമെന്ന് വാദിച്ച് ഏതാനും പേർ മാത്രം നോമ്പും പെരുന്നാളും മറ്റും ഭിന്നമായി നടത്തുന്നത് നല്ല ലക്ഷണമല്ല.

**സി. മുഹമ്മദ് കോയ പാലാഴി**

# ധൂർത്തിനെ സൗന്ദര്യബോധത്തിന്റെ ചെലവിലെഴുതാമോ?

**'മുസ്‌ലിംകൾ** ഒറ്റപ്പെടുന്നതെങ്ങനെ?' എന്ന കെ.സി സലീമിന്റെ ലേഖനത്തിലെ (നവംബർ 7) ചില പരാമർശങ്ങളോട് വിയോജിക്കേണ്ടിവരുന്നു. നമസ്കാരത്തിലെ ഏകാഗ്രതക്ക് തടസ്സമാവുമെന്ന ഭയത്താൽ, ചിത്രപ്പണികളുള്ള മുസല്ല വർജിക്കണമെന്ന് പറയുന്നവരെ സങ്കുചിത ഹൃദയരായ നിർഭാഗ്യവാന്മാർ എന്ന് മുദ്രകുത്തുന്നത് ശരിയാണോ? 'അല്ലാഹു സുന്ദരനാണ്, അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു' എന്ന പ്രവാചക വചനം, പള്ളി മോടികൂട്ടാൻ ലക്ഷങ്ങൾ ഇടിച്ചു തള്ളുന്ന അതിരുവിട്ട പ്രവർത്തനത്തിന് ന്യായീകരണമാവുമോ?

സ്നേഹിച്ച പെണ്ണിന്റെ ഓർമക്കായി പൊതുമുതലിൽനിന്ന് പണം ചെലവഴിച്ച്, ഇരുപതിനായിരത്തിലധികം തൊഴിലാളികളെ ഉപയോഗപ്പെടുത്തി, അനേക വർഷങ്ങളെടുത്ത് ഷാജഹാൻ ചക്രവർത്തി പണികഴിപ്പിച്ച താജ്മഹൽ സ്മാരകസൗധങ്ങളിൽ എക്കാലവും മുമ്പിൽ നിൽക്കുന്നതും ലോക മഹാത്ഭുതങ്ങളിൽ ഒന്നായി വിരാജിക്കുന്നതുമാണെങ്കിലും, ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ ന്യായീകരിക്കപ്പെടാവുന്ന ഒന്നാണോ? ആ മഹാ സൗധത്തിൽ വിശുദ്ധ ഖുർആൻ സൂക്തങ്ങൾ മനോഹരമായി ഉല്ലേഖനം ചെയ്യപ്പെട്ടതുകൊണ്ടു മാത്രം അത് സ്വാഗതം ചെയ്യപ്പെടാമോ? ഇസ്‌ലാം അനുവദനീയമാക്കിയ സൗന്ദര്യ സങ്കൽപം, കാടുകയറി ധൂർത്തിന്റെ സ്മാരക നിർമാണത്തോളം ചെന്നെത്തുന്നത് ന്യായീകരിക്കപ്പെടാമോ? സൗന്ദര്യബോധം കാടുകയറുമ്പോൾ, ധൂർത്തിന്റെ കുതിരപ്പുറത്തെ സവാരിയായി തരംതാഴുമ്പോൾ അതിനെ നിഷിദ്ധങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താതിരിക്കാനാവുമോ? പൊതുമുതലിൽനിന്ന് ചില്ലിക്കാശ് പോലും കൈപറ്റാൻ സന്നദ്ധമാവാതിരുന്ന ഇസ്‌ലാമിക ഭരണകർത്താക്കളുടെ കാൽപാടുകൾ പിന്തുടർന്നുകൊണ്ട് തൊപ്പി തുന്നിയും ഖുർആൻ പകർത്തി എഴുതിയും നിത്യവൃത്തി കണ്ടെത്തിയിരുന്ന ഔറംഗസീബ് ചക്രവർത്തി, ബ്രിട്ടീഷ് ചരിത്രകാരന്റെ കണ്ണിൽ മതഭ്രാന്തനാണെങ്കിലും വ്യത്യസ്തമായ മാതൃകാ ചിത്രമാണ് കാഴ്ചവെച്ചത്.

ഗൾഫിൽ പോയി നാല് കാശുണ്ടാക്കി തിരിച്ചെത്തുന്നവരിലും അല്ലാത്തവരിലുമൊക്കെ ലക്ഷങ്ങൾ മുടക്കി ആർഭാട വീടുകൾ നിർമിക്കുന്ന പ്രവണത കൂടിവരികയാണ്. ബ്ലെയ്ഡ് പലിശക്ക് കടമെടുത്ത് പോലും ഈ സാഹസത്തിന് പലരും മുതിരുന്നു. 'അല്ലാഹു തന്റെ ദാസന്റെ മേൽ വർഷിച്ച അനുഗ്രഹം വെളിപ്പെട്ടു കാണാൻ ഇഷ്ടപ്പെടുന്നു' എന്ന നബിവചനത്തിന്റെ പിൻബലത്തിൽ, ഈ അതിരു കവിയലിനെ ന്യായീകരിക്കുന്നത് ശരിയെന്ന് തോന്നുന്നില്ല. "സാഹചര്യങ്ങൾ അനുകൂലമായുള്ളവന് കൂടുതൽ ജീവിതസൗകര്യങ്ങൾ ഉണ്ടാവുന്നു. അല്ലാത്തവന് ഉള്ളതുകൊണ്ട് തൃപ്തിപ്പെടേണ്ടിവരുന്നു" എന്ന വിശദീകരണം, ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനവലയത്തിൽ പെട്ട് അതിരു കവിയുന്ന പ്രവർത്തനങ്ങൾക്കുള്ള ന്യായീകരണമല്ലേ?

'ആര് മനസ്സിന്റെ ലുബ്ധിൽനിന്ന് മുക്തരാവുന്നുവോ അവരത്രെ വിജയികൾ' എന്ന് ഉദ്ഘോഷിക്കുന്ന വിശുദ്ധ ഖുർആൻ, 'നീ ധൂർത്തും ദുർവ്യയവും കാണിക്കരുത്, ധൂർത്തന്മാർ പിശാചുക്കളുടെ സഹോദരന്മാരാണ്' (*അൽഇസ്രാഅ്* 26,27) എന്നും

നമ്മെ താക്കീത് ചെയ്യുന്നുണ്ട്. 'അയൽവാസി വിശന്നിരിക്കുമ്പോൾ വയറ് നിറച്ചുണ്ണുന്നവൻ യഥാർഥ വിശ്വാസിയല്ല' എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. തന്റെ അയൽവാസി ചെറ്റപുരയിൽ, ജീവിത സൗകര്യങ്ങളില്ലാതെ കഷ്ടപ്പെടുകയോ ഒരു കൂര വെച്ചുകെട്ടാൻ ആവാതെ കണ്ണീർ വാർക്കുകയോ ചെയ്യുമ്പോൾ, അല്ലാഹു നൽകിയ അനുഗ്രഹമാണെങ്കിലും മണിമാളിക വെക്കുമ്പോൾ  ഇത്തിരി നിയന്ത്രണവും സംയമനവും പാലിക്കാൻ ബാധ്യസ്ഥനല്ലേ? 'തന്നാൽ കരേറേണ്ടവരെത്ര പേരോ, താഴത്ത് പാഴ്ചേറിലമർന്നിരിയ്ക്കെ താനൊറ്റയിൽ' ഇത്രത്തോളം മുന്നോട്ടു കുതിക്കാമോ?

**റഹ്മാൻ മധുരക്കുഴി**